**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1633** **11-09-2023 - ൽ മറുപടിയ്ക്ക്**

**വില്ലേജ്-താലൂക്ക് തല അദാലത്തുകൾ വഴി ജനങ്ങൾക്ക് ലഭിച്ച നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടന്നു വരുന്ന താലൂക്ക് തല അദാലത്തുകൾ വഴി ജനങ്ങൾക്ക് ലഭിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | മന്ത്രിസഭയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 2023 ഏപ്രിൽ, മെയ് മാസങ്ങളിലായി താലൂക്ക് ആസ്ഥാനങ്ങളിൽ മന്ത്രിമാരുടെ നേതൃത്വത്തിൽ കരുതലും, കൈത്താങ്ങും എന്ന പേരിൽ പ്രത്യേക പരാതി പരിഹാര താലൂക്ക് തല അദാലത്തുകൾ നടത്തുയിട്ടുള്ളതാണ്. പ്രസ്തുത അദാലത്തിൽ റവന്യൂ വകുപ്പുമായി ബന്ധപെട്ടു ലഭിച്ച 24188 അപേക്ഷകളിൽ 14416 അപേകളിന്മേൽ നടപടികൾ പൂർത്തിയാക്കി തീർപ്പാക്കിയിട്ടുള്ളതും, 9772 അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. തലസ്ഥാനത്തേക്ക് പോയി ബന്ധപ്പെട്ട മന്ത്രിമാരെ കണ്ടു പരാതികൾ സമർപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കി വിവിധ മന്ത്രിമാർ ജനങ്ങളുടെ അടുത്തേക്ക് നേരിട്ട് എത്തിച്ചേർന്നു പരാതി സ്വീകരിക്കുന്നതിനും, ആയത് പരിഹരിക്കുന്നതിനും താലൂക്ക് തല അദാലത്ത് സഹായകരമായിട്ടുണ്ട്. മിക്ക കേസുകളിലും കക്ഷികൾക്ക് അനുകൂലമായ തീരുമാനം അദാലത്തിൽ ഉണ്ടാകുകയും, ഉടൻ തീരുമാനം എടുക്കാൻ കഴിയാത്ത പരാതികൾ സംബന്ധിച്ച് സർക്കാരിലേക്ക് റിപ്പോർട്ടുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ സമർപ്പിച്ചിട്ടുള്ളതുമാണ്. |
| (ബി) | വില്ലേജ്-താലൂക്ക് തലങ്ങളിലെ ഫയൽ തീർപ്പാക്കലിന് എല്ലാ മൂന്നു മാസം കൂടുമ്പോഴും അദാലത്തുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | നിലവിൽ ഇക്കാര്യങ്ങളിൽ സർക്കാർ തീരുമാനം എടുത്തിട്ടില്ല. ആവശ്യമെങ്കിൽ ആയതു പരിശോധിച്ച നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | വില്ലേജ്-താലൂക്ക് തലങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന വിവിധ സേവനങ്ങളുടെ കാലദൈർഘ്യം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |
| (ഡി) | വില്ലേജ്-താലൂക്ക് തലങ്ങളിലെ ജോലി ഭാരം | (ഡി) | പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | കണക്കിലെടുത്ത് കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ